II. അടിയന്തിരപ്രമേയം

സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2003-2004 വർഷത്തിൽ മെരിറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ നിന്ന് കൂടിയ ഫീസ് ഈടാക്കുന്നത് സംബന്ധിച്ച്

മി. ഡെപ്യൂട്ടി സ്പീക്കർ: സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2003-2004 വർഷത്തിൽ മെറിറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ നിന്നും സർക്കാർ നിശ്ചയിച്ച ഫീസിനു പുറമെ കെ. ടി. തോമസ് കമ്മീഷൻ നിശ്ചയിച്ച നിരക്കിൽ അമിത ഫീസ് ഈടാക്കിവരികയും ഫീസ് അടയ്ക്കാൻ കഴിയാത്ത ആയിരത്തിലേറെ വിദ്യാർത്ഥികളെ കോളേജ് കാമ്പസുകളിൽ നിന്നും പുറത്താക്കുകയും ചെയ്തിരിക്കുന്നു. കേസ് നടത്തുന്നതിലെ ഒത്തുകളികൾ മൂലമുണ്ടായ കോടതിവിധിയുടെ മറവിൽ മാനേജ്മെന്റ് വിദ്യാർത്ഥികളെ വഴിയാധാരമാക്കിക്കൊണ്ടിരിക്കുകയും രക്ഷിതാക്കളും വിദ്യാർത്ഥികളും പ്രക്ഷോഭത്തിലേർപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ പി. എസ്. സുപാൽ, കെ. രാധാകൃഷ്ണൻ, സി. കെ. നാണു, പി. സി. ജോർജ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, എ. എ. അസീസ്, ഡോ. കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ശ്രീ. എം. വി. ജയരാജനും ഒരു സബ്മിഷൻ നൽകിയിട്ടുണ്ട്.

9.30 a.m.]

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, 31-1-2002-ലെ റിട്ട് പെറ്റീഷൻ സിവിൽ നമ്പർ 317/1995 (T.M.A. Pai Fountation and others *v.* State of Karnataka and others)-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് നിരക്കുകൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 4-2-1993-ലെ റിട്ട് പെറ്റീഷൻ സിവിൽ നമ്പർ 607/92-ന്റെ (Unnikrishnan *v.* State of Andhra Pradesh) വിധിപ്രകാരമാണ് നിലനിന്നിരുന്നത്. ഇതനുസരിച്ച് ഓരോ കോഴ്സിലും 50 ശതമാനം സീറ്റുകൾ ഫ്രീ സീറ്റുകളായും 50 ശതമാനം സീറ്റുകൾ പേമെന്റ് സീറ്റുകളായും വേർതിരിച്ചിരുന്നു. ഫ്രീ സീറ്റിൽ സർക്കാർ കോളേജുകളിലെ ഫീസ് നിരക്കും പേമെന്റ് സീറ്റിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഉയർന്ന ഫീസും തിരികെ ലഭിക്കുന്ന പലിശരഹിത ഡെപ്പോസിറ്റുമാണ് നിലനിന്നിരുന്നത്. 31-10-2002-ലെ ടി.എം.എ. പൈ കേസ് വിധിയോടുകൂടി free payment വേർതിരിവ് ഇല്ലാതായി. സ്വാശ്രയ സാങ്കേതിക കോളേജുകളിലെ പ്രവേശനം പൂർണ്ണമായും മെറിറ്റടിസ്ഥാനത്തിൽ നടത്തണമെന്നും ഓരോ കോളേജിലേയും സീറ്റുകളുടെ മാനേജുമെന്റ്/സർക്കാർ വിഹിതം പ്രാദേശിക ആവശ്യകതയ്ക്കനുസരിച്ച് സർക്കാരിന് നിശ്ചയിക്കാവുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. ഫീസ് സംബന്ധിച്ച് ഉണ്ണിക്കൃഷ്ണൻ കേസ് വിധിയിലെ നിബന്ധനകൾ ശരിയല്ലെന്നും വ്യക്തമാക്കിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെത്തുടർന്ന് കേരളത്തിൽ സ്വാശ്രയ കോളേജുകളിലെ സീറ്റുകളിൽ 50 ശതമാനം സർക്കാർ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തണമെന്നും ബാക്കി 50 ശതമാനം സീറ്റുകൾ ബന്ധപ്പെട്ട കോളേജുകൾക്ക് മെരിറ്റടിസ്ഥാനത്തിൽ നികത്താവുന്നതാണെന്നും സർക്കാർ ഉത്തരവ് (പി) നം. 170/02 തീയതി 4-12-2002 പ്രകാരം സർക്കാർ ഉത്തരവായി. തുടർന്ന് 18-12-2002-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 179/02 പ്രകാരം സ്വാശ്രയ കോളേജുകളിലെ സർക്കാർ നികത്തേണ്ട സീറ്റുകളിലെ ട്യൂഷൻ ഫീസ് സർക്കാർ കോളേജുകളിലെ അതേ കോഴ്സിന് ബാധകമായ ഫീസ് ആയിരിക്കുമെന്ന് സർക്കാർ ഉത്തരവായി. ഈ ഉത്തരവുകൾ ചില സ്വാശ്രയ കോളേജുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ചോദ്യം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ്/മാനേജുമെന്റ് സീറ്റ് അനുപാതം 25:75 ആയിരിക്കുമെന്നും എം.ബി.ബി.എസ്. കോഴ്സിന് പ്രതിവർഷം ഒന്നര ലക്ഷം രൂപ ഫീസായി പുഷ്പഗിരി, കോലഞ്ചേരി മെഡിക്കൽ കോളേജുകൾക്ക് ഈടാക്കാമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായി. ഈ വിധിക്കെതിരെ കേരള സർക്കാർ സുപ്രീം കോടതിയിൽ special leave petition ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത അനുപാതം സംസ്ഥാനത്തിന് സ്വീകാര്യമല്ലാത്തതിനാൽ 2002-2003 അദ്ധ്യയന വർഷം പുഷ്പഗിരി, കോലഞ്ചേരി മെഡിക്കൽ കോളേജുകളിൽ സർക്കാർ ക്വാട്ടയിൽ ഒരു വിദ്യാർത്ഥിയേയും പ്രവേശിപ്പിച്ചിട്ടില്ല. എന്നാൽ Dr. Somarwel Memorial CSI Medical College, കാരക്കോണം 50:50 എന്ന സർക്കാർ നിർദ്ദേശം അംഗീകരിക്കുകയും ഇതിനെത്തുടർന്ന് 50 ശതമാനം സീറ്റുകളിൽ സർക്കാർ റാങ്ക് ലിസ്റ്റിൽ നിന്നും സർക്കാർ കത്ത് നമ്പർ 6267/ജി-3/03/ ഉന്നത വിദ്യാഭ്യാസ വകുപ്പ് തീയതി 26-2-2003 പ്രകാരം 2002-2003 വർഷം ഒന്നര ലക്ഷം രൂപ ഫീസ് ഈടാക്കി പ്രവേശനം നടത്തുകയും ചെയ്തു. മറ്റു സ്വാശ്രയ മെഡിക്കൽ കോഴ്സുകളിലേക്കും ഉയർന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ച് 3-5-2003-ൽ ഉത്തരവായി. ബി.ഡി.എസ്.—80,000 രൂപ, ആയുർവേദം—50,000 രൂപ, സിദ്ധ—50,000 രൂപ, നേഴ്സിംഗ്—50,000 രൂപ എന്നിങ്ങനെയാണ് ഉത്തരവായത്. 27-6-2003-ലെ ഉത്തരവുപ്രകാരം എം.ബി.ബി.എസ്.-ന് 2002-2003 വർഷം 1,76,000 രൂപ ഫീസ് നിശ്ചയിച്ച് ഉത്തരവായി. ആയതിനാൽ 2002-2003 വർഷത്തിൽ മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിൽ സർക്കാർ സീറ്റുകളിൽ ഉയർന്ന നിരക്കിലുള്ള ഫീസാണ് സർക്കാർ നിശ്ചയിച്ചിരുന്നത്. ടി.എം.എ. പൈ കേസിലെ വിധി വരുന്നതിനുമുമ്പുതന്നെ എഞ്ചിനീയറിംഗ് പ്രവേശന നടപടിക്രമങ്ങൾ ആരംഭിക്കുകയും ഭാഗികമായി പൂർത്തിയാക്കുകയും ചെയ്തിരുന്നതിനാൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഫ്രീ സീറ്റുകളിൽ നിന്നും സർക്കാർ കോളേജുകളിൽ നിലനിന്നിരുന്ന ഫീസാണ് ഈടാക്കിയത്. ഇവരിൽ നിന്നും ഉയർന്ന ഫീസ് ഈടാക്കിയതായി പരാതിയൊന്നും ലഭിച്ചിട്ടില്ല. 2003-2004-ൽ സ്വാശ്രയ കോളേജുകളിലെ ഓരോ കോഴ്സിലേയും 50 ശതമാനം സീറ്റുകൾ സർക്കാർ സീറ്റുകളായും ബാക്കി 50 ശതമാനം സീറ്റുകൾ മാനേജുമെന്റ് സീറ്റുകളായും നിജപ്പെടുത്തിയിരുന്നു. 26-5-2003-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ സർക്കാർ സീറ്റിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് വാർഷിക ട്യൂഷൻ ഫീസ് 36,000 രൂപയായി നിശ്ചയിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതിനാൽ 2003-2004 വർഷം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ സർക്കാർ സീറ്റിൽ ഉയർന്ന ഫീസാണ് നിലനിന്നിരുന്നത്. സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2003-2004 വർഷത്തിൽ സർക്കാർ കാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രസ്തുത കോഴ്സുകൾക്ക് നിലവിലുള്ള ഫീസ് നൽകിയാൽ മതിയെന്ന് മന്ത്രിസഭാ ഉപസമിതിയും സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജുമെന്റും തമ്മിൽ നടത്തിയ ചർച്ചയിൽ തീരുമാനമായിട്ടുള്ളതും അതുപ്രകാരം 12-9-2003-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. 12-9-2003-ലെ ഉത്തരവുപ്രകാരം 2003-2004 അദ്ധ്യയനവർഷം സ്വാശ്രയ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിന് ഗവൺമെന്റ് കാട്ടയിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഫീസ് നൽകിയാൽ മതിയെന്നും സർക്കാർ ഉത്തരവായി. ഈ മാനദണ്ഡം സ്വാശ്രയ ദന്തൽ, ആയുർവേദ, സിദ്ധ, ഫാർമസി, നഴ്സിംഗ് കോഴ്സുകളിലും ഗവൺമെന്റ് സീറ്റിൽ പ്രവേശനം ലഭിക്കുന്നവർക്ക് ബാധകമായിരിക്കുമെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ഈ ഉത്തരവിനെതിരെ പുഷ്പഗിരി മെഡിക്കൽ കോളേജ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിക്കുകയും വാർഷിക ഫീസായി ഒന്നര ലക്ഷം രൂപ ഈടാക്കാമെന്ന ഉത്തരവ് സമ്പാദിക്കുകയുമുണ്ടായി. 2-12-2003-ൽ മന്ത്രിസഭാ ഉപസമിതി പുഷ്പഗിരി മാനേജുമെന്റ് ഉൾപ്പെടെയുള്ള സ്വാശ്രയ കോളേജ് മാനേജുമെന്റ് പ്രതിനിധികളുമായി ചർച്ച നടത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ 2003-2004 വർഷം സർക്കാർ കാട്ടയിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ നിന്നും ആദ്യവർഷം സർക്കാർ ഫീസ് മാത്രം ഈടാക്കാനും ബാക്കി തുക മാനേജുമെന്റ് സ്കോളർഷിപ്പായി വഹിക്കാനും അടുത്ത വർഷം മുതൽ കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് ബാധകമാക്കാനും തീരുമാനിച്ചുകൊണ്ട് 9-1-2004-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് നിശ്ചയിക്കുന്നതിനായി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണം കേരള സർക്കാർ നിയോഗിച്ച ജസ്റ്റിസ് കെ. ടി. തോമസ് അദ്ധ്യക്ഷനായുള്ള കമ്മിറ്റി സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കുവേണ്ടി നിശ്ചയിച്ച ഫീസ് നിരക്കുകൾ 2004-2005 വർഷം മുതൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ബാധകമാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റി 2004-2005 വർഷം മുതൽ എം.ബി.ബി.എസ്.-ന് 1.13 ലക്ഷം രൂപ ഫീസായി നിശ്ചയിച്ചു. ഇത് സംസ്ഥാന വ്യാപകമായി വിദ്യാർത്ഥി പ്രക്ഷോഭങ്ങൾക്ക് കാരണമായി. തുടർന്ന് മുഖ്യമന്ത്രി വിളിച്ചു ചേർത്ത സർവ്വകക്ഷിയോഗം ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനു വേണ്ടി ഒരു നിയമം പാസ്സാക്കാൻ തീരുമാനിച്ചു. ഇതിന്റെ ഫലമായി Kerala Self Financing Professional Colleges (Prohibition of Capitation Fee and Procedure for Admission and Fixation of Fees) Act, 17/2004 പുറപ്പെടുവിച്ചു. അതുപ്രകാരം ഗവൺമെന്റ് കാട്ടയിൽ പ്രവേശിപ്പിക്കുന്ന കുട്ടികളുടെ ഫീസ്, ഗവൺമെന്റ് കോളേജിലെ സമാന കോഴ്സുകൾക്ക് നിലനിൽക്കുന്ന നിരക്ക് ആയിരിക്കും. മാനേജ്മെന്റ് കാട്ടയിൽ പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികളുടെ ഫീസ്, സ്ഥാപനം നടത്തുന്നതിന് അവശ്യം വേണ്ട ചെലവ് കണക്കിലെടുത്തുകൊണ്ട്

മാനേജ്മെന്റിന് നിശ്ചയിക്കാവുന്നതാണ്. അങ്ങനെ നിശ്ചയിക്കുമ്പോൾ ലാഭേച്ഛ ഉണ്ടായിരിക്കരുതെന്നും ഇനിപ്പറയുന്ന ഇനങ്ങളിൽ ഏതെങ്കിലുമോ എല്ലാമോ കണക്കിലെടുക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. (എ) വാർഷിക ട്യൂഷൻ ഫീസ്, (ബി) ലൈബ്രറി ഫീസ്, (സി) ലബോറട്ടറി ഫീസ്, (ഡി) കോഷൻ ഡെപ്പോസിറ്റ്, (ഇ) വികസന ഫീസ്, (എഫ്) തിരികെ നൽകുന്ന ഡെപ്പോസിറ്റ്. ഇത്തരുണത്തിൽ സർക്കാർ പാസ്സാക്കിയ നിയമത്തിനെതിരെ പുഷ്പഗിരി മാനേജ്മെന്റ് സുപ്രീംകോടതിയെ സമീപിച്ചു. 29-7-2004-ൽ കോടതിയിൽ നിന്നും ഒരു താൽക്കാലിക ഉത്തരവ് നേടുകയും ചെയ്തു. പ്രസ്തുത ഉത്തരവിൻപ്രകാരം 2004-2005 സ്വാശ്രയ മെഡിക്കൽ കോളേജിൽ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റി നിശ്ചയിച്ച ഫീസായ 1,13,000 രൂപ താൽക്കാലികമായി അടയ്ക്കണം. ഫീസ് സംബന്ധിച്ച അന്തിമ തീരുമാനം എടുക്കുന്നതിനുള്ള കേസുകൾ എല്ലാം സുപ്രീംകോടതിയുടെ ഏഴംഗ ഭരണഘടനാ ബഞ്ചിന്റെ തീരുമാനത്തിനു വിട്ടു. അതനുസരിച്ച് 2005 ഫെബ്രുവരി ഒന്നു മുതൽ സ്വാശ്രയ കോളേജുകൾ സമർപ്പിച്ച ഹർജികളും ഹൈക്കോടതി വിധിക്കെതിരെ സർക്കാർ സമർപ്പിച്ച പ്രത്യേകാനുമതി ഹർജികളും ഭരണഘടനാ ബഞ്ച് വാദം കേൾക്കുന്നതാണെന്ന് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. 2003-2004 വർഷത്തെ ഫീസ് ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റി നിശ്ചയിക്കാത്ത സാഹചര്യത്തിൽ സർക്കാർ കോട്ടയിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ സർക്കാർ കോളേജിലെ ഫീസ് നിരക്ക് നൽകിയാൽ മതിയെന്ന് 15-1-2005-ലെ ജി.ഒ.(എം.എസ്.) 19/05/ആ.വ. നമ്പർ പ്രകാരം ഉത്തരവായി. ഫീസ് സംബന്ധിച്ച് വിദ്യാർത്ഥികളിൽ നിന്നും സർക്കാരിനു ലഭിച്ച അനേകം പരാതികളുടെ പരിഹാരാർത്ഥമാണ് സർക്കാർ മേൽ ഉത്തരവ് ഇറക്കിയത്. സുപ്രീംകോടതിയുടെ അന്തിമ വിധി വന്നതിനുശേഷമേ സർക്കാരിനു ഇനി ഈ വിഷയത്തിൽ അനന്തര നടപടികൾ കൈക്കൊള്ളാനാകൂ.

ശ്രീ. പി. എസ്. സുപാൽ: സർ, അരി എത്രയെന്നു ചോദിച്ചാൽ പയർ അഞ്ചു നാഴി എന്നു പറയുന്നതുപോലെയാണ് ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ മറുപടി പറഞ്ഞത്. അദ്ദേഹം ഒരുപാട് കാര്യങ്ങൾ ഇവിടെ വിശദീകരിച്ചു. ആയിരക്കണക്കിനു വരുന്ന വിദ്യാർത്ഥികൾ പഠിക്കാൻ മാർഗ്ഗമില്ലാതെ തെരുവിൽ അലയുകയാണ്. ആരോഗ്യവകുപ്പുമന്ത്രി മനസ്സിലാക്കേണ്ട ഒരു കാര്യമാണത് അല്ലാതെ ഇവിടെ ഒരുപാട് കാര്യങ്ങൾ വിശദീകരിച്ചു വായിച്ചിട്ടു കാര്യമില്ല. കോളേജുകളിൽ നിന്നും വിദ്യാർത്ഥികളെ കൂട്ടം കൂട്ടമായി പുറത്താക്കിക്കൊണ്ടിരിക്കുകയാണ്. ഇന്നലെ പാലക്കാട് ശാന്തിഗിരി ആയുർവേദ കോളേജിൽ നിന്നും 33 വിദ്യാർത്ഥികളെ പുറത്താക്കി. കോലഞ്ചേരി കോളേജിൽ നിന്നും 41 വിദ്യാർത്ഥികളെ പുറത്താക്കി. തൃശ്ശൂർ അമലാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വിദ്യാർത്ഥികളെ പുറത്താക്കി. തൃശ്ശൂർ ജൂബിലി മെമ്മോറിയൽ മെഡിക്കൽ കോളേജിൽ നിന്നും വിദ്യാർത്ഥികളെ പുറത്താക്കി. പുഷ്പഗിരി മെഡിക്കൽ കോളേജിൽ നിന്നും വിദ്യാർത്ഥികളെ പുറത്താക്കി. പരിയാരം-കാരക്കോണം മെഡിക്കൽ കോളേജുകളിൽ നിന്നും വിദ്യാർത്ഥികളെ പുറത്താക്കി. സംസ്ഥാനത്തെ 54 സ്വാശ്രയ മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകളിലും അനുബന്ധ സ്ഥാപനങ്ങളിൽ നിന്നുമായി ആയിരക്കണക്കിന് വിദ്യാർത്ഥികളെ പുറത്താക്കുമെന്നു പറഞ്ഞുകൊണ്ട് നോട്ടീസ് കൊടുത്തിരിക്കുകയാണ്. അന്ത്യശാസനം നൽകിയിരിക്കുകയാണ്. വിദ്യാർത്ഥികളും രക്ഷകർത്താക്കളും യാതൊരു മാർഗ്ഗവുമില്ലാതെ അലയുകയാണ്. ഇന്നവർ സമരവുമായി സെക്രട്ടേറിയറ്റിന്റെ മുമ്പിൽ വന്നിരിക്കുകയാണ്. ആരെങ്കിലും എഴുതി തരുന്നതു വായിക്കാൻവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ആ സ്ഥാനത്തിരിക്കരുത് എന്നാണ് എനിക്കു പറയുവാനുള്ളത്. വിദ്യാർത്ഥികൾ നിരപരാധികളാണ്. 2003-2004-ൽ സ്വാശ്രയ കോളേജുകളിൽ പ്രവേശനം നടക്കുമ്പോൾ ജസ്റ്റിസ് കെ. ടി. തോമസിന്റെ നേതൃത്വത്തിൽ ഒരു കമ്മീഷൻ ഫീസ് ഘടന നിശ്ചയിക്കുവാൻ ഉണ്ടായിരുന്നില്ല. അന്നെടുത്ത തീരുമാനമെന്തായിരുന്നു? സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ, 50 ശതമാനം മെരിറ്റ് സീറ്റുകളിൽ സർക്കാർ കോളേജുകളിലെ ഫീസു കൊടുത്താൽ മതിയെന്നായിരുന്നു അന്നത്തെ തീരുമാനം. ആ തീരുമാനത്തിന്റെ ഫലമായി കുറഞ്ഞ ഫീസിൽ പഠിക്കുവാൻ സൗകര്യമുള്ള കോളേജുകൾ കളഞ്ഞിട്ടുപോലും സ്വാശ്രയ കോളേജുകളിൽ പഠിക്കാൻവേണ്ടി വിദ്യാർത്ഥികൾ വരികയുണ്ടായി. അകലെയുള്ള ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ പഠിക്കുവാൻ അവസരം ലഭിച്ച വിദ്യാർത്ഥികൾ അവിടെ പോകാതെ, ഈ 50 ശതമാനം മെരിറ്റ് സീറ്റിൽ സ്വാശ്രയ കോളേജുകളിൽ അഡ്മിഷൻ നേടിയിട്ടുണ്ട്. അത്രയും വിദ്യാർത്ഥികൾക്ക് ഈ തീരുമാനത്തിലൂടെ നേരത്തെ കൊടുത്തുകൊണ്ടിരുന്നതിന്റെ പത്തിരിരട്ടി ഫീസാണ് ഇപ്പോൾ കൊടുക്കേണ്ടി വന്നിരിക്കുന്നത്. കേരള സർക്കാർ ആണ് ഇത്തരമൊരു സാഹചര്യമുണ്ടാക്കിയത്. വിദ്യാർത്ഥികളും രക്ഷകർത്താക്കളും നിങ്ങളെ സമീപിച്ചു. നിങ്ങൾ ഈ കാര്യത്തിൽ തീരുമാനമെടുത്തില്ല. രാഷ്ട്രീയ പ്രസ്ഥാനങ്ങളും നിങ്ങളെ സമീപിച്ചു. നിങ്ങളുടെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവന്നു. നിങ്ങൾ 'കമാ' എന്നൊരക്ഷരം മിണ്ടിയില്ല. നിങ്ങൾ ഒരു നടപടിയും സ്വീകരിച്ചില്ല. സ്വാശ്രയ മാനേജുമെന്റുകൾക്ക് വിടുപണി ചെയ്യുന്ന സമീപനമാണ് നിങ്ങൾ സ്വീകരിച്ചത് എന്നു പറഞ്ഞാൽ നിങ്ങൾക്ക് അതു നിഷേധിക്കുവാൻ സാധിക്കുകയില്ല. അവസാനം വിദ്യാർത്ഥികൾക്ക് കോടതിയിൽ പോകേണ്ടി വന്നു. കോടതി വിധി എന്താണെന്ന് നമുക്കറിയാം. വിദ്യാർത്ഥികളുടെ ആവശ്യം കോടതി നിരാകരിച്ചു. 2005 ജനുവരി മാസം 17-ാം തീയതി പറഞ്ഞ കോടതിവിധിയിൽ വിദ്യാർത്ഥികളുടെ ആവശ്യം നിരാകരിച്ചു. കോടതിവിധി എന്തുമാകട്ടെ. നിയമത്തിനു പലപ്പോഴും കണ്ണും കാതുമില്ല എന്നു നമ്മൾ പരിതപിക്കാറുണ്ട്. ഒരു ജനകീയ സർക്കാർ ഇങ്ങനെയാണോ? കോടതി പറയുന്നതും ചിന്തിക്കുന്നതും പോലെയാണോ ഒരു ഗവൺമെന്റ് ചിന്തിക്കേണ്ടത്? ഗവൺമെന്റ് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഗണിക്കുവാൻ, വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പരിഗണിക്കുവാൻ അതിനെ കണ്ണുതുറന്നു കാണുവാനുള്ള ഒരു സമീപനം സ്വീകരിക്കേണ്ടേ? 2003-2004-ൽ സ്വാശ്രയ കോളേജുകളിൽ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ചവർ തുടർന്നുള്ള വർഷങ്ങളിലും ഗവൺമെന്റ് കോളേജിലെ ഫീസ് കൊടുത്താൽ മതിയെന്ന് സർക്കാരിന് നിശ്ചയദാർഢ്യം ഉണ്ടായിരുന്നുവെങ്കിൽ എന്തുകൊണ്ട് നിങ്ങൾ കോടതിയിൽ അതു പറഞ്ഞില്ല? പിന്നെ പറഞ്ഞത് എപ്പോഴാണ്? ജനുവരി മാസം 17-ാം തീയതി

LIBRARY ARCHIVES Kerala Legislative Assembly

കോടതി ഈ വിഷയത്തെ സംബന്ധിച്ച് വിധി പറയാൻ മാറ്റിവച്ച സന്ദർഭത്തിൽ, ജനുവരി മാസം 15-ാം തീയതി നിങ്ങൾ ഒരു ഉത്തരവിറക്കി. അപ്പോൾ പലരും സന്തോഷിച്ചു. യു.ഡി.എഫ്. ഗവൺമെന്റ് വിദ്യാർത്ഥികൾക്ക് അനുകൂലമായി ചിന്തിക്കുന്നു എന്നു തെറ്റിദ്ധരിച്ചു. പക്ഷെ നിങ്ങളുടെ കള്ളക്കളി പുറത്തായി. കോടതി ഉൾപ്പെടെ നിങ്ങളെ വിമർശിച്ചു. നിങ്ങളുടെ ഉത്തരവ് തള്ളിക്കളഞ്ഞു. 17-ാം തീയതി വിധി പറയാൻ മാറ്റി വച്ചിരുന്ന സന്ദർഭത്തിൽ ജനുവരി 15-ാം തീയതി ധൃതി പിടിച്ച് ഒരു ഉത്തരവ് ഇറക്കിയതിന്റെ സാംഗത്യം എന്താണ്? മാനേജുമെന്റിനെ സഹായിക്കാൻ വേണ്ടിയാണ്. ഇതാണ് ഞാൻ പറഞ്ഞത് കോടതിയും സർക്കാരും ഇക്കാര്യത്തിൽ ഒത്തുകളിക്കുന്നു, മാനേജുമെന്റുകൾക്കനുകൂലമായിട്ടുള്ള നിലപാടുകളെടുക്കുന്നു. നിങ്ങൾ ഈ വിഷയത്തിൽ സ്വീകരിച്ചു കൊണ്ടിരിക്കുന്ന നടപടിക്രമങ്ങളുടെ സ്ഥിരമായിട്ടുള്ള ആവർത്തനം മാത്രമാണിത്. നിങ്ങൾ സ്വാശ്രയ വിദ്യാഭ്യാസ നയം അംഗീകരിച്ചതിനുശേഷം, യു.ഡി.എഫ്. ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നതിനുശേഷം, സ്വാശ്രയ മാനേജുമെന്റുകളെ സഹായിക്കാൻവേണ്ടി, കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തെ വഞ്ചിക്കുന്നതിനുവേണ്ടി, വിദ്യാഭ്യാസ മേഖല കച്ചവടവൽക്കരിക്കുന്നതിനുവേണ്ടി എത്ര മോശമായ നിലപാടാണ് സ്വീകരിച്ചത്? ശ്രീ. എ. കെ. ആന്റണിയാണ് ഈ നയം തുടങ്ങി വച്ചത്. ശ്രീ. എ. കെ. ആന്റണി മാറി ശ്രീ. ഉമ്മൻചാണ്ടി ഇപ്പോൾ അധികാരത്തിൽ വന്നിരിക്കുന്നു. ശ്രീ. ഉമ്മൻചാണ്ടി അധികാരമേറ്റെടുത്ത് ആദ്യമായി നടത്തിയ പത്രസമ്മേളനത്തിൽ പറഞ്ഞത് സ്വാശ്രയ മേഖലയെ ശക്തിപ്പെടുത്താൻ ഞാൻ ശ്രമിക്കുമെന്നാണ്. അതിൽ എല്ലാം അടങ്ങിയിരുന്നു. സ്വാശ്രയ വിദ്യാഭ്യാസ മാനേജുമെന്റുകളുടെ മാനസപുത്രനായ ശ്രീ. ഉമ്മൻചാണ്ടി കേരളം ഭരിക്കുമ്പോൾ സ്വാശ്രയ മാനേജുമെന്റുകളെ സഹായിക്കുന്ന നിലപാടുകൾ മാത്രമേ ഉണ്ടാകൂ എന്നതിനെ സംബന്ധിച്ച് ഞങ്ങൾക്ക് നല്ല ധാരണയുണ്ട്. കേരളത്തിലെ വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും നീതി ലഭിക്കാൻ പോകുന്നില്ല. സ്വകാര്യ മാനേജുമെന്റുകളുടെ തടവറയിൽ നിങ്ങൾ കഴിയുകയാണ്. അവർ പറയുന്നതാണ് നിങ്ങൾക്ക് വേദവാക്യം. ഇവിടെ രണ്ടു സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്നു പറഞ്ഞത് ആരാണ്? ഞങ്ങളാണോ പറഞ്ഞത്? രണ്ടു സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്ന് കേരളത്തിൽ ഉറക്കെ പ്രഖ്യാപിച്ചത് ശ്രീ. എ. കെ. ആന്റണിയാണ്. യു.ഡി.എഫ്. ഗവൺമെന്റാണ്. പക്ഷേ അതു നടപ്പിലാക്കുവാൻ എന്ത് ആത്മാർത്ഥതയാണ് നിങ്ങൾ കാണിച്ചത്? പക്ഷേ കേരളത്തിലെ വിദ്യാർത്ഥി സമൂഹം ശക്തമായി പ്രതിഷേധിച്ചപ്പോൾ, അവർ തെരുവിൽ ഇറങ്ങിയപ്പോൾ, ചോര ചിന്തിയപ്പോൾ അവസാനം നിവൃത്തിയില്ലാതെ കേരള നിയമസഭയിൽ നിയമം കൊണ്ടുവന്നു. കേരള നിയമസഭയിൽ കൊണ്ടുവന്ന പ്രതിലോമകരമായിട്ടുള്ള നിർദ്ദേശങ്ങൾ അടങ്ങിയ, സ്വാശ്രയ മാനേജുമെന്റുകളെ സഹായിക്കുന്ന നിർദ്ദേശങ്ങൾ അടങ്ങിയ ആ നിയമം കേരള നിയമസഭയിൽ പാസ്സാക്കി. പക്ഷേ 9-ാം ഷെഡ്യൂളിൽപ്പെടുത്തിയെങ്കിൽ മാത്രമേ അതിനു നിയമപ്രാബല്യം ലഭിക്കുകയുള്ളൂ. പക്ഷേ 9-ാം ഷെഡ്യൂളിൽപ്പെടുത്താൻ നിങ്ങൾ എന്ത് ആത്മാർത്ഥ സമീപനമാണ് സ്വീകരിച്ചത്?

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ യാതൊരു നടപടിയും സ്വീകരിച്ചില്ല എന്നു പറയുമ്പോൾ സ്വാശ്രയ മാനേജുമെന്റുകളെ സഹായിക്കുവാനല്ലാതെ പിന്നെ എന്തിനുവേണ്ടിയായിരുന്നു വെന്നു വ്യക്തമാക്കാൻ നിങ്ങൾ തയ്യാറാകണം. ഇവിടെ നമ്മുടെ മുമ്പിൽ ഒട്ടേറെ അനുഭവങ്ങളുണ്ട്, ഉദാഹരണങ്ങളുണ്ട്. രജനി എസ്. ആനന്ദ് എന്ന പെൺകുട്ടി, പട്ടികവിഭാഗത്തിൽപ്പെട്ട പഠിക്കാൻ മിടുക്കിയായ, സ്വാശ്രയ കോളേജിൽ പഠിച്ചിരുന്ന ആ പെൺകുട്ടി ഈ ഗവൺമെന്റിന്റെ വികലമായ നയത്തിൽ പ്രതിഷേധിച്ച് ആത്മഹത്യ ചെയ്ത സാഹചര്യം വരെയുണ്ടായി. അതു സജീവമായി നിയമസഭയിൽ ചർച്ച ചെയ്തതാണ്. കേരളത്തിൽ കൊടുങ്കാറ്റുയർത്തിയ സംഭവമാണത്. ആ സംഭവത്തിന്റെ പേരിലെങ്കിലും നിങ്ങളുടെ കണ്ണു തുറക്കേണ്ടതായിരുന്നു. ഈ ഗവൺമെന്റിന്റെ മാനേജുമെന്റിനനുകൂലമായ നിലപാടിനെത്തുടർന്നാണ് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിട്ടു തെരുവിൽ ഇറങ്ങേണ്ടി വരുന്നത് എന്നാണ് എനിക്കു സൂചിപ്പിക്കാനുള്ളത്. അതുപോലെയുള്ള രജനിമാരെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസ നയം തിരുത്താൻ നിങ്ങൾ തയ്യാറാകണം. അമിതമായ ഫീസ് വേണമെന്നു പറഞ്ഞുകൊണ്ട് മാനേജുമെന്റുകൾ പുറത്താക്കിയിരിക്കുന്ന വിദ്യാർത്ഥികൾക്ക്, നിങ്ങൾ ആദ്യം നിശ്ചയിച്ച രണ്ടു സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്നുള്ള നിലയിൽ ഈ കെ. ടി. തോമസ് കമ്മീഷന്റെ ഫീസ് വരുന്നതിനുമുമ്പ് അഡ്മിഷൻ എടുത്ത ആ വിദ്യാർത്ഥികൾക്ക് തുടർന്നു പഠിക്കാൻ കഴിയുന്ന തരത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്. ഈ വിഷയത്തെ സംബന്ധിച്ച് നിയമസഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. എം. വി. ജയരാജൻ:</u> സർ, പ്രധാനപ്പെട്ട ഒരു കാര്യം കൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. അങ്ങയുടെ മന്ത്രിസഭയിലെ അങ്ങയുടെ സ്നേഹിതൻ കൂടിയായ ശ്രീ. എം. വി. രാഘവൻ നയിക്കുന്ന പരിയാരം മെഡിക്കൽ കോളേജിൽ കഴിഞ്ഞ ദിവസം ഒരു നോട്ടീസ് ഇറക്കുകയുണ്ടായി. ആ നോട്ടീസിൽ പറയുന്നത് 2003-ലെ ബാച്ചിലുള്ള വിദ്യാർത്ഥികൾ അവശേഷിക്കുന്ന ഫീസ് 1,03,375 രൂപ 31-1-2005-നകം അടയ്ക്കണമെന്നും അതിൽ വീഴ്ച വരുത്തിയാൽ ക്ലാസ്സിൽ നിന്നും പുറത്താക്കുമെന്നുമാണ്. ഇത് സുപ്രീം കോടതി വിധിക്കുതന്നെ എതിരാണ്. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നിഷേധിക്കുന്നതാണ്. രണ്ട് സ്വാശ്രയ കോളേജ് സമം ഒരു സർക്കാർ കോളേജെന്ന് പറയുന്ന യു.ഡി.എഫ്. സർക്കാരിന്റെ നയമാണ് ഇവിടെ അട്ടിമറിക്കുന്നത്. അതുകൊണ്ട് ഇതിൽ വ്യക്തമായ ഒരു തീരുമാനമുണ്ടാകണം. വിദ്യാർത്ഥികൾ ആത്മഹത്യയിലേക്ക് പോകേണ്ടതായ ഒരു സ്ഥിതിയുണ്ടാകാൻ പോകുകയാണ്. ലോട്ടറി ടിക്കറ്റുകാരേയും വിദ്യാർത്ഥികളേയും ആത്മഹത്യയിലേക്ക് നയിക്കുന്ന ഈ ഗവൺമെന്റിന്റെ നയം തിരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, എന്റെ സുഹൃത്ത് പി. എസ്. സുപാൽ പറഞ്ഞ കാര്യങ്ങൾ ഞാൻ കേട്ടു. അദ്ദേഹത്തിന് ഇതിനെക്കുറിച്ച് ജ്ഞാനമുണ്ട്. വിശദമായി പറഞ്ഞതിന്റെ കാരണം അതാണ്. വെറും രാഷ്ട്രീയ കണ്ണിൽ മാത്രം ഇതിനെ കാണരുത്. ഗവൺമെന്റ് കാലാകാലങ്ങളിൽ ചെയ്യേണ്ടതെല്ലാം ചെയ്തിട്ടുണ്ട്. ഗവൺമെന്റ് ഒരു കോൺസ്റ്റിറ്റ്യൂഷണൽ ബോഡിയാണ്. ഗവൺമെന്റിന് പല കാര്യങ്ങളിലും പരിമിതികളുണ്ട്. അവസാനമായി ഗവൺമെന്റിന്റെ ആത്മാർത്ഥത തെളിയിക്കുന്ന തരത്തിലാണ് സ്വാശ്രയ കോളേജുകളിൽ 50 ശതമാനം മെരിറ്റ് സീറ്റിൽ 2003-2004 വർഷത്തിൽ പ്രവേശനം നേടിയ കുട്ടികൾക്ക് മുഴുവൻ സർക്കാർ ഫീസെന്ന് നിശ്ചയിച്ച് 15-1-2005-ൽ ഉത്തരവിറക്കിയത്. അതിനെ ഹൈക്കോടതി വിമർശിക്കുക മാത്രമല്ല; അസംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. ഗവൺമെന്റിന് ഈ കാര്യങ്ങളിൽ പരിമിതികളുണ്ട്. കോടതിയിടപെടലുണ്ടായിരിക്കുന്നിടത്തോളം കാലം ഗവൺമെന്റിന് പരിമിതികളുണ്ട്. ഇപ്പോൾ സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിൽ ഇതുമായി ബന്ധപ്പെട്ട കേസ് നടന്നുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് ആ കാര്യങ്ങളിലെല്ലാം വ്യക്തമായ നിലപാടെടുത്തിട്ടുണ്ട്. ഈ മാസം ഒന്നാം തീയതി മുതൽ ഒൻപതാം തീയതി വരെ കേസ് നടക്കുകയാണ്. അതിന് പ്രശസ്തനായ അഭിഭാഷകൻ ശ്രീ. കെ. കെ. വേണുഗോപാൽ ആണ് ഗവൺമെന്റ് ഭാഗം വാദിക്കുന്നത്. അതുപോലെതന്നെ പ്രിൻസിപ്പൽ സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ ഓഫീസിലുള്ള ശ്രീ. അനിൽ തോമസ് ഇവർ രണ്ടുപേരോടും ഡൽഹിയിൽത്തന്നെ ക്യാമ്പ് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു വീഴ്ചയുമില്ലാത്ത സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഗവൺമെന്റിന് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പരിമിതിക്കുള്ളിൽ നിന്നുകൊണ്ടാണ് 50 ശതമാനം സീറ്റിൽ ഗവൺമെന്റ് ഫീസെന്നുള്ള നിലപാടെടുത്തത്. കോടതി കാലാകാലങ്ങളിൽ ഇടപെടുമ്പോൾ ഗവൺമെന്റിന് പരിമിതികളുണ്ട്. വിദ്യാർത്ഥികളെ സഹായിക്കാനാണ് ഇങ്ങനെയൊരു ഉത്തരവ് ഇറക്കിയത്. വിദ്യാർത്ഥികളുടെ കൂടെത്തന്നെയാണ് ഈ ഗവൺമെന്റ്. ചങ്ക് എടുത്ത് കാണിച്ചാലും ചെമ്പരത്തിപ്പൂവാണെന്ന് പറഞ്ഞാൽ വല്ല കാര്യവുമുണ്ടോ? എസ്.എഫ്.ഐ. അടക്കമുള്ള വിദ്യാർത്ഥി സംഘടനകൾ ആവശ്യപ്പെടുന്നത് കേന്ദ്ര നിയമം വേണമെന്നാണ്. കേന്ദ്രത്തിൽ നമ്മളൊക്കെ ഒന്നാണല്ലോ. അതുകൊണ്ട് കേന്ദ്ര നിയമം കൊണ്ടുവരുന്നതിന് നമുക്ക് കൂട്ടായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താം.

ശ്രീ. ബിനോയ് വിശ്വം: ഞങ്ങൾ തയ്യാറാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: നമുക്ക് ഒന്നിച്ച് കേന്ദ്ര നിയമത്തിനു വേണ്ടി ശ്രമിക്കാം. ഗവൺമെന്റിന് ചെയ്യാവുന്ന കാര്യങ്ങൾ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്തിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്ന് ചെയർ കരുതുന്നു. അതുകൊണ്ട് അടിയന്തിരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഇത് അടിയന്തിര സ്വഭാവത്തോടുകൂടി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതുതന്നെയാണ്. ഇന്ന് രണ്ടായിരത്തോളം കുട്ടികൾ സെക്രട്ടേറിയറ്റ് വാതിൽക്കലും അസംബ്ലിയുടെ വാതിൽക്കലും വളരെ പ്രതീക്ഷയോടുകൂടിയും അതിലേറെ രോഷത്തോടുകൂടിയും ധർണ്ണ നടത്തുകയാണ്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഫീസ് കൊടുത്ത് പഠിച്ചു കൊണ്ടിരുന്നവരെ ഇപ്പോൾ കോളേജിൽ നിന്നും പുറത്താക്കിയിരിക്കുകയാണ്. എന്നിട്ടും മന്ത്രി പറയുന്നത് കുട്ടികളുടെ കൂടെയാണെന്നാണ്. കുട്ടികളുടെ കൂടെയാണെങ്കിൽ മന്ത്രികൂടി സെക്രട്ടേറിയറ്റ് വാതിൽക്കൽ ചെന്നിരിക്കണം. അങ്ങ് അവരുടെ കൂടെയല്ല. അവരുടെ കൂടെയാണെങ്കിൽ മാനേജുമെന്റുകളോട് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസേ വാങ്ങാവൂവെന്ന് പറയണം. അത് അവരെക്കൊണ്ട് അനുസരിപ്പിക്കാൻ കേരളാ ഗവൺമെന്റിന് എന്തുകൊണ്ടാണ് കഴിയാത്തത്? നിങ്ങൾ കൊടുത്ത അംഗീകാരം വച്ചുകൊണ്ട് കോളേജ് നടത്തുന്നവരല്ലേ? അവർ നിങ്ങൾ പറയുന്നത് അനുസരിക്കാതിരിക്കുമോ? അപ്പോൾ നിങ്ങൾ പറയുന്നില്ലെന്നുള്ളതാണ് വസ്തുത. അവരുമായി നിങ്ങൾ ഒരു പരസ്പര ധാരണയുണ്ടാക്കിയിട്ട് നിങ്ങൾ വാങ്ങിച്ചോ ഞങ്ങൾ പുറകെ നിന്നോളാം എന്നു പറഞ്ഞിരിക്കുകയാണ്. അതേയവസരത്തിൽ നിങ്ങൾ സർക്കാർ കോളേജിലെ ഫീസേ വാങ്ങാവൂവെന്ന് ഉത്തരവും ഇറക്കിയിട്ടുണ്ട്. അത് പ്രായോഗികമാക്കണ്ടേ? അത് പ്രായോഗികമാക്കണമെങ്കിൽ ഗവൺമെന്റ് ഇതിൽ ഇടപെടാൻ തയ്യാറാകണം. അതിന് നിങ്ങൾ തയ്യാറാകുന്നില്ല എന്നുമാത്രമല്ല മാനേജുമെന്റിന്റെ മുമ്പിൽ ഉത്തരം മുട്ടുന്നതരത്തിലുള്ള സമീപനമാണ് സ്വീകരിക്കുന്നത്. ഗവൺമെന്റിനുകൂടി പങ്കാളിത്തമുള്ള പരിയാരം മെഡിക്കൽ കോളേജിലും ഇതേസമീപനം തന്നെയാണ് സ്വീകരിക്കുന്നത്. ആ മന്ത്രിയെ നിലയ്ക്ക് നിർത്താൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? ആ മന്ത്രിയെ നിലയ്ക്ക് നിർത്തിയാൽ മാത്രമല്ലേ സ്വകാര്യ മാനേജുമെന്റിനോട് നട്ടെല്ലുയർത്തി പറയാൻ കഴിയുകയുള്ളൂ. അപ്പോൾ കോടതി വിധിയും പറഞ്ഞ് പണം പിടുങ്ങുകയെന്നുള്ള സമീപനം നിങ്ങളുടെ മന്ത്രി തന്നെ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലും നിലയ്ക്ക് നിർത്താൻ കഴിയാതെ കുട്ടികളുടെ കൂടെയാണെന്ന് പറയുന്നതിൽ വല്ല അർത്ഥവുമുണ്ടോ? നമ്മുടെ കുട്ടികൾ നിരാശരും രോഷാകുലരുമായിരിക്കുയാണ്. ഈ കഴിഞ്ഞ നാളുകളിൽ രജനിയെന്ന കുട്ടി ആത്മഹത്യ ചെയ്തു. കോഴിക്കോട്ട് ഫൈസല എന്നൊരു കുട്ടി മണ്ണെണ്ണയൊഴിച്ച് തീകൊളുത്തി മരിച്ചു. അപ്പോൾ ആ നിലയിലേക്ക് നമ്മുടെ കുട്ടികളെ വലിച്ചെറിയാനാണ് നിങ്ങൾ ശ്രമിക്കുന്നത്. അങ്ങനെയാണെങ്കിൽ അതനുവദിക്കാൻ കഴിയില്ല. അതിൽ ശക്തമായ പ്രതിഷേധം പ്രകടിപ്പിക്കാതിരിക്കാൻ കഴിയില്ല. ആ നിലയിൽ മന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തു പോവുകയും അൽപ്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരാവുകയും ചെയ്തു.)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററിൽ നിന്നും ഇത്തരത്തിലുള്ള ഒരു മറുപടി പ്രതീക്ഷിച്ചില്ല. കാരണം ഇക്കാര്യത്തിൽ മന്ത്രി കുറച്ചുകൂടി സഹായകരമായ നിലപാട് സ്വീകരിക്കുമെന്നാണ് വിചാരിച്ചത്. 15-1-2005-ൽ ഉത്തരവിറക്കിയപ്പോൾ തീർച്ചയായും ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററുടെ മനസ്സ് ഇതിന്റെ ചുമതലയുള്ള മന്ത്രിയെന്ന നിലയ്ക്ക് വിദ്യാർത്ഥികളോടൊപ്പമാണെന്ന്, മെരിറ്റ് സീറ്റിൽ ചേർന്ന വിദ്യാർത്ഥികളെ സഹായിക്കാനാണെന്ന് തെറ്റിദ്ധരിച്ചുപോയി. അതുകൊണ്ടാണ് ഇത്തരമൊരു മറുപടി പ്രതീക്ഷിച്ചില്ലെന്ന് പറഞ്ഞത്. പക്ഷെ 17-ാം തീയതി കോടതി ഉത്തരവ് വന്നപ്പോൾ വ്യക്തമായി ഇത് കള്ളക്കളിയാണെന്ന്. ഇത് വിദ്യാർത്ഥികളേയും രക്ഷകർത്താക്കളേയും സഹായിക്കാനല്ല, മറിച്ച് കോടതിയിൽ മാനേജുമെന്റുകളെ സഹായിക്കുന്ന വിധി വരാൻ സഹായകരമായ രീതിയിൽ ഞങ്ങൾ വിദ്യാർത്ഥികളുടെ ഭാഗത്തുണ്ടെന്ന് കാണിക്കാൻവേണ്ടി ബോധപൂർവ്വമുണ്ടാക്കിയ ഒരു ഉത്തരവാണ്. അല്ലെങ്കിൽ നാല് മാസം മുമ്പ് മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കൾ രേഖാമൂലം ഗവൺമെന്റിന് എഴുതിതന്നതല്ലേ? അതിന്റെ കോപ്പിയൊക്കെ ഇവിടെയുണ്ട്. അവർ വളരെ വ്യക്തമായി എഴുതി തയ്യാറാക്കി കൊടുത്തതാണ്. എന്നിട്ട് ഉത്തരവിറക്കാൻ നാലുമാസമെടുത്തു. രണ്ടാം വർഷം പ്രവേശിച്ച വിദ്യാർത്ഥികളിൽ നിന്ന്, മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ ഗവൺമെന്റ് നിശ്ചയിച്ച ഫീസ് തന്നാൽ പോര കെ. ടി. തോമസ് കമ്മീഷൻ നിശ്ചയിച്ച ഉയർന്ന ഫീസ് നൽകിയേ മതിയാകൂവെന്ന ഒരു ഉത്തരവോ നിബന്ധനയോ ഇല്ല. കുട്ടികൾ ഹരാസ്സ് ചെയ്യപ്പെട്ടു തുടങ്ങി. വിദ്യാർത്ഥികളും രക്ഷാകർത്താക്കളും ആശങ്കാകുലരാണ്. കാരണം, വളരെ ഉയർന്ന മെറിറ്റിലുള്ള 420 തൊട്ട് 540 വരെ റാങ്ക് ലിസ്റ്റിലുള്ള കുട്ടികളുണ്ട്. പല കോളേജിലും പോയി മറ്റ് കോഴ്സുകളിൽ ചേർന്നിട്ട് ശ്രീ. എ. കെ. ആന്റണിയും ഗവൺമെന്റും ഈ സഭയിൽ നടത്തിയ ഉറപ്പുകളും പ്രഖ്യാപനങ്ങളുമൊക്കെ വിശ്വസിച്ച് ആ കോഴ്സ് വേണ്ട എന്നു വച്ച് ഒരു വർഷവും രണ്ടു വർഷവും നഷ്ടപ്പെടുത്തി മെറിറ്റ് സീറ്റിൽ സ്വാശ്രയ കോളേജുകളിലും മറ്റ് അനുബന്ധ കോളേജുകളിലും വന്നു ചേർന്ന കുട്ടികൾ പെരുവഴിയിലായില്ലേ? ആ കുട്ടികളുടെ രക്ഷാകർത്താക്കളുൾപ്പെടെ ഇന്ന് ഇവിടെ വന്നിരിക്കുകയാണ്. അവരൊന്നും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വിദ്യാർത്ഥി പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടോ ഞങ്ങളുടെ പ്രതിനിധികളായോ വന്നവരല്ല. മുഴുവൻ രക്ഷാകർത്താക്കളും വിദ്യാർത്ഥികളും വന്നിരിക്കുകയാണ്. ആ കുട്ടികളുടെ ഭാവിയെ കൊണ്ട് ഇങ്ങനെ പന്താടുന്നത് ശരിയാണോ? ഞാൻ ഒരു കാര്യം കൂടി ചോദിക്കട്ടെ. നിങ്ങൾ എല്ലാ കേസുകളിലും കോടതിയിൽ പോയി തോൽക്കുന്നത് എന്തുകൊണ്ടാണ്? ലോട്ടറിയുടെ കേസ് വന്നപ്പോൾ നിങ്ങൾ തോറ്റു. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രശ്നം വന്നപ്പോൾ തോറ്റു. വൈദ്യുതിയുടെ കാര്യത്തിൽ തോറ്റു. എല്ലാ കാര്യങ്ങളിലും കേരള ഗവൺമെന്റ് കോടതിയിൽ ഇങ്ങനെ തുടർച്ചയായി തോറ്റുകൊണ്ടിരിക്കുകയാണ്. അങ്ങനെ സ്റ്റേറ്റിന്റെ താൽപ്പര്യങ്ങൾ പണയപ്പെടുത്താൻ പാടുണ്ടോ? കോടതിയിൽ കാര്യകാരണസഹിതം ബോദ്ധ്യപ്പെടുത്തണ്ടേ? കോടതിയിൽ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്താൻ കഴിയുന്ന ഒരു അന്തരീക്ഷം കേരളത്തിൽ ഉണ്ടായില്ലേ? ഈ സഭയിൽ നമ്മൾ ഒരുമിച്ച്

ശബ്ദമുയർത്തിയില്ലേ? കേന്ദ്രത്തിന്റെ മുന്നിൽ ഒന്നിച്ച് ശബ്ദമുയർത്താൻ ഞങ്ങൾ തയ്യാറാണെന്ന് പറഞ്ഞില്ലേ? അതൊക്കെ ബോദ്ധ്യപ്പെടുത്തി കോടതിയിൽ നിന്നും അനുകൂലമായ ഉത്തരവുണ്ടാകാൻ നിൽക്കുന്നതിനു പകരം എല്ലാ കേസുകളിലും കോടതിയിൽ തോറ്റു കൊടുക്കുകയാണ്. ഇത് അവിടെ ഗൗരവപൂർവ്വം ഉന്നയിച്ചില്ലേ? അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസുമായി ബന്ധപ്പെട്ട അഡ്വക്കേറ്റുമാർ എല്ലാം ഗവൺമെന്റിന് എതിരായി കേസുകൾ വാദിക്കുന്ന വക്കീലൻമാരല്ലേ? അത്തരം അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ നിന്ന് നീതി ലഭിക്കുമോ? ഇത് ഗൗരവമായ ഒരു വിഷയമാണ്. അതുകൊണ്ട് സ്വാശ്രയ കോളേജുകളിൽ മെറിറ്റ് സീറ്റിൽ 2003-2004 വർഷത്തിൽ നിങ്ങളുടെ പ്രഖ്യാപനത്തിന്റെ, ഗവൺമെന്റിന്റെ ഉറപ്പുകളുടെ അടിസ്ഥാനത്തിൽ ചേർന്ന കുട്ടികളുടെ ഭാവിജീവൻകൊണ്ട് നിങ്ങൾ പന്താടരുത്. അവർ ആത്മഹത്യ ചെയ്യും എന്ന് പറഞ്ഞുകൊണ്ടല്ലേ മുഖ്യമന്ത്രിക്ക് രേഖാമൂലം എഴുതിക്കൊടുത്തിരുക്കുന്നത്. ഇങ്ങനെ ആ കുട്ടികളുടെ ജീവൻ പന്താടുന്ന വിധത്തിലുള്ള, അവരുടെ ഭാവി നശിപ്പിക്കുന്ന വിധത്തിലുള്ള ഇത്തരം കോടതിവിധികൾ ഉണ്ടായാൽ അതിനെ മറികടക്കാൻ, ആ വിദ്യാർത്ഥികളുടേയും രക്ഷാകർത്താക്കളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന വിധത്തിലുള്ള നടപടികൾ എടുക്കുന്നതിന് പകരം ഇനി സുപ്രീം കോടതിയിലെ ഭരണഘടനാ ബഞ്ചിന്റെ വിധി വരട്ടെ അതുവരെ നിങ്ങൾ ഫീസ് കൊടുത്തോ അല്ലെങ്കിൽ വെളിയിൽ പൊയ്ക്കോ എന്ന രീതിയിൽ ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നും ഒരു മറുപടി ഉണ്ടായത് ശരിയല്ല. ഇതിൽ നിങ്ങളുടെ നിലപാട് പുനഃപരിശോധിക്കണം. വിദ്യാർത്ഥികളെ സഹായിക്കണം. ആ രീതിയിലുള്ള നടപടി എടുക്കാൻ നിങ്ങൾ കൂട്ടാക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. കെ. പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തു പോവുകയും അൽപ്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരാവുകയും ചെയ്തു.)

ശ്രീ. സി. കെ. നാണു: സർ, ഈ നിയമസഭയിൽ പലപ്പോഴായി വിദ്യാഭ്യാസ പ്രശ്നത്തിന്റെ പേരിൽ അടിയന്തിരപ്രമേയവും ചർച്ചയും അതുപോലെ തന്നെ വളരെ മാസങ്ങളോളം ഈ വിഷയവുമായി ബന്ധപ്പെട്ടുകൊണ്ട് പുറത്ത് പ്രക്ഷോഭവും നടന്നുകൊണ്ടിരുന്നു. പ്രതിപക്ഷം ആഗ്രഹിക്കുന്ന രൂപത്തിലല്ലെങ്കിലും പ്രശ്നത്തിന്റെ പേരിൽ ഏതാണ്ട് സമാധാനപരമായ ഒരു അന്തരീക്ഷം ഉണ്ടായ സാഹചര്യത്തിൽ വീണ്ടും ഉന്നത വിദ്യാഭ്യാസ മേഖലയിൽ കുഴപ്പമുണ്ടാക്കുന്ന രൂപത്തിൽ മാനേജുമെന്റുകൾ നീങ്ങുന്നയവസരത്തിൽ അതിനെ ഫലപ്രദമായ രൂപത്തിൽ കടിഞ്ഞാണിടാൻ സർക്കാരിന് സാധിക്കാത്തതിൽ ഒരു ന്യായീകരണവുമില്ല. കെ. ടി. തോമസ് കമ്മീഷന്റെ നിഗമനങ്ങളോട് അഭിപ്രായവ്യത്യാസങ്ങൾ പ്രതിപക്ഷത്തിനും വിദ്യാർത്ഥി സംഘടനകൾക്കും ഉണ്ടായി. എന്നിട്ടൊക്കയാണ് ഏതാണ്ട് സമാധാനപരമായ ഒരു അന്തരീക്ഷം ഉണ്ടായത്. വീണ്ടും അതിനെ തകർക്കുന്ന രൂപത്തിൽ മാനേജുമെന്റുകൾ ഫീസ് ഈടാക്കാൻ സന്നദ്ധമായ അവസരത്തിൽ അതിനെ നിയന്ത്രിക്കാനും അത് ഒഴിവാക്കാനും സർക്കാരിന് സാധിക്കാത്തതിന് എന്ത് ന്യായം പറഞ്ഞാലും അത് ശരിയല്ല. ഫലപ്രദമായി

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നം കൈകാര്യം ചെയ്തില്ല. രാഷ്ട്രീയ വ്യത്യാസമില്ലാതെ ഇവിടെ പറഞ്ഞതു പോലെ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സീറ്റ് ലഭിച്ചിട്ട് തങ്ങളുടെ നാട്ടിനടുത്തുള്ള കോളേജ് എന്ന നിലക്ക് സ്വകാര്യ കോളേജിൽ മെറിറ്റിന്റെ അടിസ്ഥാനത്തിൽ സീറ്റ് ലഭിച്ച പാവപ്പെട്ട കുട്ടികൾക്ക് ഇന്ന് പഠിക്കാനുള്ള സാഹചര്യം ബുദ്ധിമുട്ടിലാവുന്നു, അതിന് ഒരു പരിഹാരം കാണേണ്ടതായിരുന്നു. അതിൽ ഗവൺമെന്റ് പരാജയപ്പെട്ടതിൽ പ്രതിഷേധിച്ച് ഞാനും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. സി. കെ. നാണുവും സഭവിട്ട് പുറത്തു പോവുകയും അൽപ്പസമയത്തിനു ശേഷം വീണ്ടും സഭയിൽ ഹാജരാവുകയും ചെയ്തു.)

ശ്രീ. എ. എ. അസീസ്: രണ്ടായിരത്തിൽപ്പരം വിദ്യാർത്ഥികളെ ബാധിക്കുന്ന പ്രശ്നമാണിത്. മെഡിക്കൽ വിഭാഗം പ്രവേശന പരീക്ഷയിലൂടെ വിവിധ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് വർദ്ധിപ്പിച്ച ഫീസ് നൽകാൻ ശേഷിയില്ലാതെ അവരുടെ ഭാവി അനിശ്ചിതത്വത്തിലാണ്. ഈ പ്രശ്നത്തിലുള്ള ഗവൺമെന്റിന്റെ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭയ്ക്ക് പുറത്തു പോവുകയും അൽപ്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരാവുകയും ചെയ്തു.)

III. ശ്രദ്ധക്ഷണിക്കൽ

(1) കെ.എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

ശ്രീ. ബിനോയ് വിശ്വം: സർ, വളരെ ഗൗരവമേറിയ ഒരു വിഷയത്തിലേക്ക് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യെ നമ്മുടെ ഗവൺമെന്റ് എങ്ങനെയാണ് കാണുന്നത്? കേരളത്തിലെ പൊതുജീവിതത്തിൽ വളരെ മഹത്തായ പങ്കുവഹിക്കുന്ന പൊതുമേഖലാസ്ഥാപനമാണത്. ആ പൊതുമേഖലാ സ്ഥാപനം നമ്മുടെ യാത്രാവശ്യങ്ങളുടെ ഗണ്യമായ ഒരു പങ്ക് നിറവേറ്റിക്കൊണ്ടിരിക്കുകയാണ്. ഇടയ്ക്കെല്ലാം പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ അടുത്ത കാലത്തായി എല്ലാവരും ഒരുപോലെ പറയുന്നു കെ.എസ്.ആർ.ടി.സി. അതിന്റെ സേവനങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുകയാണെന്ന്. യാത്രക്കാരുടെ യാത്രാവശ്യങ്ങൾ നിറവേറ്റാൻ ശ്രമിക്കുന്ന ഗവൺമെന്റ് ഇപ്പോൾ കൈക്കൊണ്ടു വരുന്ന സമീപനത്തിൽ മൗലികമായ മാറ്റം ഉണ്ടാകണം. അങ്ങനെ മാറ്റം ഉണ്ടാകാത്ത പക്ഷം ഈ മഹത്തായ പൊതുമേഖലാസ്ഥാപനം നാശത്തിലേയ്ക്ക് പോകുമോ എന്ന ആശങ്ക ഉയരുകയാണ്. കെ.എസ്.ആർ.ടി.സി. അതാതു കാലത്ത് സർക്കാർ പറഞ്ഞ ഒരുപാട് സാമൂഹിക കടമകൾ നിറവേറ്റിക്കൊണ്ടിരിക്കുകയാണ്. ആ സാമൂഹിക ബാദ്ധ്യതകൾക്കുവേണ്ടി 135 കോടി രൂപയുടെ ബാദ്ധ്യതയാണ് കെ.എസ്.ആർ.ടി.സി.-ക്ക് ഓരോ വർഷവും ഏറ്റെടുക്കേണ്ടി വരുന്നത്. സർക്കാർ പറയുന്ന ഓരോരോ പൊതു കാര്യങ്ങൾ ചെയ്യാൻവേണ്ടി ഏറ്റവും കടുത്ത

LIBRARY ARCHIVES Kerala Legislative Assembly